No.CEE/4383/2014/KEAM-2015/TA1


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


## വിജ്ഞാപനം

# കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ-2015

## അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്

2015 ഏപ്രിൽ 20 മുതൽ 23 വരെ തീയതികളിൽ നടത്തപ്പെട്ട കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്നവരുടെ അപേക്ഷയിൽ അപാകതകൾ ഉണ്ടായിരുന്നിട്ടും താല്കാലികമായി അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കിയിരുന്നു. ഇത്തരക്കാർ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിശ്ചിത സമയത്തിനകം സമർപ്പിക്കാത്ത പക്ഷം അവരുടെ പ്രവേശന പരീക്ഷാ ഫലം തടഞ്ഞുവയ്ക്കുന്നതാണ്.

അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിദ്യാർത്ഥിയുടെ ഹോം പേജിൽ ദൃശ്യമാകുന്നതും, അപാകതകൾ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അവ പരിഹരിച്ച് നൽകുന്നതിനാവശ്യമായ പ്രഫോർമയുടേയും പ്രിന്റൗട്ടുകൾ അതത് ലിങ്ക് വഴി ലഭ്യമാകുന്നതുമാണ്.

അപേക്ഷയോടൊപ്പം വിവിധ സമുദായ/പ്രത്യേക സംവരണാനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള രേഖകളിലോ, കോഴ്സ് സർട്ടിഫിക്കറ്റിലോ അപാകതയുള്ള പക്ഷം, അവ പരിഹരിച്ച് നൽകുന്നതിനുള്ള രേഖകൾ **2015 മെയ് 12**-ാം തീയതിക്കുള്ളിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടുള്ള വിവിധ സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല. ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി മെമ്മോയിൽ നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഒഴികെ പുതിയതായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

അപേക്ഷകൻ 'കേരളീയൻ' എന്ന വിഭാഗത്തിൽപ്പെടുന്നതാണെങ്കിൽ മാത്രമേ വിവിധ സംവരണാനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. 'കേരളീയൻ' എന്നു തെളിയിക്കുന്നതിനുള്ള രേഖകളുടെ അപര്യാപ്തതമൂലം ഏതാനും വിദ്യാർത്ഥികളുടെ സംവരണാനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് അപേക്ഷകനോ, അപേക്ഷകന്റെ അച്ഛൻ, അമ്മ ഇവരിൽ ആരെങ്കിലുമൊരാളോ കേരളത്തിൽ ജനിച്ചതാണെന്നു തെളിയിക്കുന്ന കേരളത്തിലെ ജനനസ്ഥലം കാണിക്കുന്ന ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, എസ്.എസ്.എൽ.സി, റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഹാജരാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുമ്പോൾ ഹോം പേജിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്ന മെമ്മോയുടെ ഒരു പകർപ്പുകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, ജനനത്തീയതി എന്നിവ നൽകി ഹോം പേജിൽ പ്രവേശിക്കുമ്പോൾ അവരുടെ വ്യക്തിഗത വിവരങ്ങൾ, വരുമാനം, അനുവദിക്കപ്പെട്ട സമുദായ/പ്രത്യേക സംവരണം എന്നിവ ഉൾപ്പെടുന്ന പ്രൊഫൈൽ ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ സംബന്ധമായി പരാതികൾ ഉണ്ടെങ്കിൽ അവയും **2015 മെയ് 12**-ാം തീയതിക്കുള്ളിൽത്തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ നൽകിയിട്ടുള്ള **Find Application Number** എന്ന ലിങ്കിൽ നിന്ന് പേരും, പരീക്ഷാ സെന്ററും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ഫാക്സ്/ഇ-മെയിൽ മുഖാന്തിരം അയച്ചു തരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ 5 മണിവരെ)

തിരുവനന്തപുരം

04.05.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**